LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗങ്ങളുടെ ശമ്പളം സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ചെയർപേഴ്സൺ ശമ്പളയിനത്തിൽ 30-4-2014 വരെ 13,11,999 രൂപ കൈപ്പറ്റിയിട്ടുണ്ട്. യാത്രപ്പടി ഇനത്തിൽ ചെയർപേഴ്സണും അംഗങ്ങളും 30-4-2014 വരെ കൈപ്പറ്റിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു:

ചെയർപേഴ്സൺ - 48,812 രൂപ

അംഗങ്ങൾ:

1. ശ്രീ.കെ. നസീർ - 15,677 ,,
2. ശ്രീമതി മീന. സി. യു. - 17,354 ,,
3. ശ്രീ. ബാബു. എൻ. - 22,166 ,,
4. ഫാ. ഫിലിപ്പ് പറക്കാട്ട്. പി. വി. - 6,510 ,,
5. അഡ്വ. സന്ധ്യ. ജെ. - 11,903 ,,
6. ശ്രീമതി ഗ്ലോറി ജോർജ് - 29,500 ,,

(ബി) കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ വിവിധ തസ്തികകളിലായി നിലവിലുള്ള ഒഴിവുകൾ (ഡെപ്യൂട്ടേഷൻ നിയമനം) താഴെ പറയുന്നു:

സെക്ഷൻ ഓഫീസർ/സീനിയർ സൂപ്രണ്ട് - 2

ക്ലാർക്ക്-കം-കമ്പ്യൂട്ടർ ഡേറ്റാ എൻട്രി ഓപ്പറേറ്റർ - 5

ഡ്രൈവർ - 2

പ്യൂൺ - 2

പാർട്ട്ടൈം സ്വീപ്പർ - 1

ദത്തെടുക്കൽ നിയമം

284 (4900) ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഞ്ഞുങ്ങളെ ദത്തെടുക്കുന്നത് സംബന്ധിച്ച് പ്രാബല്യത്തിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ദത്തെടുക്കൽ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) ദത്തെടുക്കപ്പെടുന്ന കുഞ്ഞുങ്ങൾക്ക് എന്തെല്ലാം അവകാശങ്ങളാണ് നിയമപരമായി ഉറപ്പുവരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 2000-ലെ ബാലനീതി നിയമം (Juvenile Justice care and protection of Children Act, 2000) അനുസരിച്ച് കേന്ദ്ര സർക്കാർ 2011-ൽ പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് ദത്തെടുക്കൽ നടപടിക്രമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

(സി) മാതാപിതാക്കളുടെ സ്വന്തം കുട്ടികൾക്കുള്ള എല്ലാ അവകാശങ്ങളും ദത്തെടുക്കപ്പെടുന്ന കുട്ടികൾക്കും ഉണ്ടായിരിക്കുന്നതാണ്.

സി.ഡബ്ല്യു.സി. ജീവനക്കാരുടെ ആനുകൂല്യങ്ങൾ

285 (4901) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി ആരംഭിച്ചത് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) സി.ഡബ്ല്യു.സി. ജീവനക്കാർക്ക് അവസാനമായി ശമ്പളപരിഷ്കരണം നടപ്പിലാക്കിയത് എന്നാണെന്നും പ്രസ്തുത ശമ്പള പരിഷ്കരണം പ്രകാരം ഓരോ തസ്തികയുടെയും ശമ്പളസ്കെയിലുകൾ എത്രവീതമെന്നും വ്യക്തമാക്കാമോ ;

(സി) അടുത്ത ശമ്പളപരിഷ്കരണം എന്നത്തേക്ക് നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ഡി) സി.ഡബ്ല്യു.സി. ജീവനക്കാരുടെ പെൻഷൻപ്രായം എത്രയാണ് ; പെൻഷൻപ്രായം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) സി.ഡബ്ല്യു.സി. ജീവനക്കാർക്ക് ലഭ്യമാക്കുന്ന പെൻഷൻതുക എത്ര വീതമെന്ന് തസ്തികതിരിച്ച് വ്യക്തമാക്കാമോ ;

(എഫ്) പെൻഷൻത്തുക വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; എന്ത് തുക വീതമാണ് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻസ്) ആക്ട് 2000 വകുപ്പ് 29 പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഒരു കമ്മിറ്റിയാണ് ചൈൽഡ് വെൽഫയർ കമ്മിറ്റി. ആക്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി-എഫ്) ചൈൽഡ് വെൽഫയർ കമ്മിറ്റിയിൽ സ്ഥിരം ജീവനക്കാരില്ല. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly